പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2220 18.12.2012 -ലെ മറുപടി

കെ.റ്റി.ഡി.എഫ്.സി നടപ്പിലാക്കുന്ന സല്യൂട്ട് പദ്ധതി

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
" സി. പി. മുഹമ്മദ്
" കെ. ശിവദാസൻ നായർ
" എം. എ. വാഹിദ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.റ്റി.ഡി.എഫ്.സി നടപ്പിലാക്കുന്ന സല്യൂട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | തലമുറകളെ പരസ്പരം ബന്ധിപ്പിക്കാൻ കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ടി.ഡി.എഫ്.സി) രൂപം നൽകിയിരിക്കുന്ന നൂതന സ്ഥിര നിക്ഷേപ പദ്ധതിയാണ് സല്യൂട്ട് (SALUTE). മാതാപിതാക്കളുടെ പേരിൽ മക്കൾക്ക് നടത്താവുന്ന ഇത്തരത്തിലുള്ള സ്ഥിര നിക്ഷേപം ഇദംപ്രഥമമായാണ് ആവിഷ്കരിക്കപ്പെടുന്നത്. മാതാപിതാക്കളോടുള്ള സ്നേഹാദരങ്ങൾ അർത്ഥവത്തായി പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടിയാണ് കെ.റ്റി.ഡി. എഫ്.സി സല്യൂട്ട് നിക്ഷേപ പദ്ധതി ആരംഭിച്ചത്. |
| (ബി) | മാതാപിതാക്കൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും തലമുറകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഈ പദ്ധതി പ്രകാരം മക്കൾക്ക് ഒറ്റയ്ക്കോ കൂട്ടായോ തങ്ങളുടെ മാതാപിതാക്കളിൽ ആരെങ്കിലും ഒരാളുടെപേരിലോ രണ്ടുപേരുടേയും പേരിലോ സ്ഥിര നിക്ഷേപം നടത്താവുന്നതാണ്. 25,000/- രൂപയ്ക്കോ ആയതിന്റെ ഗുണിതങ്ങളായോ വേണം നിക്ഷേപം നടത്താൻ. 5 അല്ലെങ്കിൽ 10 വർഷത്തെ ലോക്ക് ഇൻ പീരീഡ് തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്. ലോക്ക് ഇൻ പീരീഡ് പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താക്കളായ മാതാപിതാക്കൾക്ക് കെ.റ്റി.ഡി.എഫ്.സി. പ്രതിമാസ പേഔട്ടുകൾ നൽകിത്തുടങ്ങും. നിക്ഷേപകൻ നിശ്ചയിക്കുന്ന നിക്ഷേപ കാലയളവ് പൂർത്തിയാകുന്നതുവരെ ഈ പതിവ് തുടരും. സ്ഥിരവരുമാനത്തോടൊപ്പം മക്കൾക്ക് തങ്ങളോടുള്ള സ്നേഹാദരങ്ങളുടെ ഓർമ്മപ്പെടുത്തൽ |

| | | | |
|---|---|---|---|
| | | | കൂടിയായിരിക്കും മാതാപിതാക്കൾക്ക് ഈ പേ ഔട്ടുകൾ.<br>അത്യാകർഷകമായ നിരക്കാണ് പദ്ധതിക്ക് നിശ്ചയിച്ചിരിക്കുന്നത്. 10.5% മാണ് പലിശനിരക്ക്. സഞ്ചിത വാർഷിക പലിശ വരുമാനം 5 കൊല്ലം ലോക്ക് ഇൻ പീരിഡുള്ള നിക്ഷേപങ്ങൾക്ക് 13.73% വും 10 കൊല്ലം ലോക്ക് ഇൻ പീരീഡുള്ള നിക്ഷേപങ്ങൾക്ക് 18.45% വുമാണ്.<br>സല്യൂട്ട് നിക്ഷേപകർക്ക് തങ്ങളുടെ മാതാപിതാക്കൾക്ക് ഒറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ ആരോഗ്യ ഇൻഷുറൻസ് കവർ ലഭ്യമാക്കാനും അവസരമുണ്ട്. ഏറ്റവും കുറഞ്ഞത് 300 രൂപയുടെ വാർഷിക പ്രീമിയത്തിൽ ഒരാൾക്ക് 30000 രൂപയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷയാണ് ലഭിക്കുക. 450 രൂപ പ്രീമിയത്തിൽ 2 പേർക്ക് 30,0000 രൂപയ്ക്കുള്ള ഇൻഷ്വറൻസ് കവർ ലഭിക്കും. 600 രൂപ മുടക്കിയ ഒരു ഗുണഭോക്താവിന് 60,000 രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാനും അവസരമുണ്ട്. നിലവിലുള്ള അസുഖങ്ങൾക്കും കവറേജ് ലഭിക്കുമെന്നതും കവർ ക്യാഷ്ലെസ്സ് ആണെന്നുള്ളതും മെഡിക്കൽ ചെക്ക് അപ്പ് ആവശ്യമില്ലായെന്നുള്ളതുമാണ് മേൽ പദ്ധതിയുടെ മറ്റ് സവിശേഷതകൾ. |
| (സി) | പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സല്യൂട്ട് പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2012 ഒക്ടോബർ 10 -ാം തീയതി സെക്രട്ടേറിയറ്റ് കോംപ്ലക്സിലെ മീഡിയ സെന്ററിൽ വച്ച് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു.<br>പദ്ധതിയിൽ 2013 ഒക്ടോബർ 9-ാം തീയതി വരെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ